**തൊഴിൽ നിയമങ്ങൾ പാലിക്കാത്ത കടയുടമകൾക്കെതിരെ നടപടി**

6(*216) ശ്രീ. കാരാട്ട് റസാഖ് :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കടകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 1960-ലെ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള സൗകര്യങ്ങളും ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചില കടയുടമകൾ അധിക കൂലി നൽകാതെ അധിക സമയം ജോലി ചെയ്യിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം തൊഴിൽ നിയമങ്ങൾ പാലിക്കാത്ത കടയുടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം 1960-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതി ലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണിമുതൽ വൈകുന്നേരം 7 മണിവരെയുള്ള സമയത്ത് ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് കൈമാറി യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. 2017-ൽ നാളിതുവരെ 10380 സ്ഥാപന പരിശോധനകൾ നടത്തുകയും 121 ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്ലെയിം പെറ്റീഷനുകളിൽ അധിക കൂലി നൽകാതെ അധിക സമയം ജോലി ചെയ്യിച്ചതിന്റെ കുടിശ്ശികയും ഉൾപ്പെടുത്താറുണ്ട്.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

**കരിയർ ഡെവലപ്മെന്റ് സെന്ററുകൾ**

7(*217) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആരംഭിച്ചിട്ടുള്ള കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ഗ്രാമ പ്രദേശങ്ങളിലെ തൊഴിൽരഹിതർക്ക് ഏതു വിധത്തിൽ പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;

(ബി) അനുയോജ്യമായ തൊഴിൽ മേഖലകൾ തെരഞ്ഞെടുക്കുന്നതിനും അത്തരം മേഖലകളിലെ തൊഴിൽ സാധ്യതകൾ മനസ്സിലാക്കി അതിനാവശ്യമായ വൈദഗ്ധ്യങ്ങൾ വികസിപ്പിക്കുന്നതിനും ഇത്തരം സെന്ററുകളിൽ ഉള്ള സാധ്യത വിശദമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ ഏതൊക്കെ സ്ഥലങ്ങളിൽ സ്ഥാപിക്കാനു ദ്ദേശിക്കുന്നെന്നും ഇവയിലൂടെ ലഭ്യമാവുന്ന സേവനങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; ഇത്തരം സേവനത്തിനു നൽകേണ്ടിവരുന്ന ഫീസ് തൊഴിൽരഹിതർക്ക് ഭാരമാകാത്ത തരത്തിൽ നിജപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിങ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, അനുയോജ്യമായ കോഴ്സുകളുടെ തെരഞ്ഞെടുപ്പുകൾ എന്നിവയിലൂടെയും മത്സരപരീക്ഷാ പരിശീലന പരിപാടികൾ, മോക്ക് ഇന്റർവ്യൂ എന്നിവയിലൂടെയും മികച്ച കോഴ്സുകളും തൊഴിലും നേടിയെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly